പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 799

30.6.2011 - ൽ മറുപടിക്ക്

## സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവർത്തനങ്ങൾ

**ചോദ്യം**
ശ്രീ. ആർ. രാജേഷ്

**മറുപടി**
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

എ) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ നിയന്ത്രണത്തിൽ 2005 മുതൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ മറ്റു പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി, പോരായ്മകൾ പരിഹരിച്ച്, ദേശീയ നിലവാരത്തിൽ ദില്ലി, ഹൈദരാബാദ്, ചെന്നൈ പോലുള്ള നഗരങ്ങളിലെ മികച്ച പരിശീലന കേന്ദ്രങ്ങളോട് കിടപിടിക്കത്തക്ക സൗകര്യങ്ങളോടു കൂടിയാണ് ഈ അക്കാദമി സ്ഥാപിച്ചിട്ടുള്ളത്. രാജ്യത്തെ മികച്ച പരിശീലന കേന്ദ്രങ്ങളുമായി അക്കാദമി സഹകരണം സ്ഥാപിച്ചിട്ടുണ്ട്.

സിവിൽ സർവ്വീസ് പ്രിലിമിനറി, മെയിൻ എന്നീ രണ്ടു വിഭാഗങ്ങളായി നടത്തുന്ന പരീക്ഷയ്ക്കും, ഇന്റർവ്യൂവിനുമുള്ള പരിശീലനം അക്കാദമി നൽകി വരുന്നു. 6 മാസം ദൈർഘ്യമുള്ള പ്രിലിമിനറി പരിശീലന പദ്ധതിയിൽ റഗുലർ ബാച്ച് കൂടാതെ, മൽസരാർത്ഥികളുടെ സൗകര്യാർത്ഥം ശനി, ഞായർ ദിവസങ്ങളിൽ മാത്രം ക്ലാസ്സുള്ള ഒരു വീക്കെൻഡ് ബാച്ചും അക്കാദമി ഒരുക്കിയിട്ടുണ്ട്.

സിവിൽ സർവ്വീസ് മൽസര പരീക്ഷയിൽ ഇന്റർവ്യൂവിലാണ്, (personality test) കൂടുതൽ കേരളീയ വിദ്യാർത്ഥികൾ പിന്തള്ളപ്പെടുന്നത് എന്ന് മനസ്സിലാക്കി, ഇന്റർവ്യൂവിന് പ്രാധാന്യം നൽകിയുള്ള ഒരു തീവ്ര പരിശീലന പദ്ധതി സിവിൽ സർവ്വീസ് അക്കാദമി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. ഇവർക്കുള്ള പരിശീലന ചെലവുകളും ഡൽഹിയിലേയ്ക്കും തിരിച്ചുമുള്ള യാത്രയുടേയും

താമസസൗകര്യങ്ങൾക്കുമുള്ള ചെലവുകളും അക്കാദമിയാണ് വഹിക്കുന്നത്. ദില്ലിയിലെയും മറ്റും പ്രമുഖ പരിശീലന കേന്ദ്രങ്ങളിലെ വിദഗ്ദ്ധ്യാപകരുമായുള്ള videoconferencing സംവിധാനം അക്കാദമിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ നിയന്ത്രണത്തിൽ സ്ഥാപിച്ചിട്ടുള്ള 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച്" ആദ്യഘട്ടമെന്ന നിലയിൽ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന ക്ലാസ്സുകളാണ് ആരംഭിച്ചിരിക്കുന്നത്.

ബി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് സിവിൽ സർവ്വീസ് അക്കാദമിയിൽ പരിശീലനം നൽകുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ?

ബി) സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷാ പരിശീലനത്തിനു മാത്രമാണ് ഫീസ് ഈടാക്കുന്നത്. സംസ്ഥാന സർക്കാരിന്റെ പദ്ധതി പ്രകാരം, അതാതു വർഷം പ്രിലിമിനറി പരീക്ഷ വിജയിക്കുന്നവർക്ക് മെയിൻ പരിശീലനവും മെയിൻ പരീക്ഷ ജയിക്കുന്നവർക്ക് ഇന്റർവ്യൂ പരിശീലനവും സൗജന്യമാണ്.

പ്രിലിമിനറി പരീക്ഷാ പരിശീലനത്തിന് നിലവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക്, അതത് വകുപ്പിൽ നിന്നും തുക അനുവദിക്കുന്ന മുറയ്ക്ക് ഫീസ് സൗജന്യവും സ്റ്റൈപ്പന്റും നൽകിവരുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനം നൽകുന്നതിന് സർക്കാർ പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്ന കാര്യം . ഇതുവരെ പരിഗണിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**